പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2197

23/03/2012 -ൽ മറുപടിയ്ക്ക്

ചാലക്കുടി മണ്ഡലത്തിലെ മറ്റത്തൂർ പഞ്ചായത്തിലെ നൂറോളം കുടുംബങ്ങളെ കൊടകര പഞ്ചായത്തിൽ ഉൾപ്പെടുത്തിയതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി.ഡി.ദേവസ്സി. | ഡോ. എം.കെ. മുനീർ, ( ബഹു. പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിലെ കൊടകര ഗ്രാമപഞ്ചായത്തിനും കൊടകര ടൗണിനും ഒരു കിലോമീറ്ററിനുള്ളിൽ സ്ഥിതി ചെയ്യുന്ന മറ്റത്തൂർ പഞ്ചായത്തിൻെറ പരിധിയിലുള്ള 100 ഓളം കുടുംബങ്ങളെ കൊടകര പഞ്ചായത്തിൻെറ പരിധിയിൽ ഉൾപ്പെടുത്തുന്നതിനുള്ള തദ്ദേശീയരുടെ അപേക്ഷയിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ. | എ) മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജിക്കണമെന്ന ആവശ്യം സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കുകയും തൽക്കാലം വിഭജിക്കേണ്ടതില്ല എന്ന തീരുമാനം കൈക്കൊണ്ടിട്ടുള്ളതുമാണ്. |
| ബി) ഭൂമിശാസ്ത്രപരമായും ഭരണപരമായും ജനങ്ങളുടെ സൗകര്യാർത്ഥം പ്രസ്തുത പ്രദേശം കൊടകര പഞ്ചായത്തിൻ കീഴിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | ബി) കേരള പഞ്ചായത്ത് രാജ് നിയമം അദ്ധ്യായം III ചട്ടം 4 (2)പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൻെറ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന ഏതൊരു മാറ്റവും ആ പഞ്ചായത്തിൻെറ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്തുവാൻ പാടുള്ളതല്ല എന്ന് വ്യക്തമാക്കുന്നു. 2010ലെ |

തദ്ദേശ സ്വയം ഭരണ പൊതു തിരഞ്ഞെടുപ്പിനു ശേഷം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ പുതിയ ഭരണ സമിതികൾ നിലവിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ഈ വിഷയം നിയമപരമായി ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല.

സെക്ഷൻ ഓഫീസർ.